# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1046 12.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഹയർ സെക്കന്ററി സ്കൂളുകളിലെ റഷ്യൻ ഭാഷാധ്യാപകരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര സ്കൂളുകളിലാണ് റഷ്യൻ ഭാഷ പഠിപ്പിക്കുന്നത്; | (എ) | 4 (നാല്) |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര അധ്യാപകരുടെ തസ്തികകളാണ് ഉള്ളത്; ഇതിൽ എത്ര തസ്തികകൾക്കാണ് അനുമതി ഉള്ളത്; | (ബി) | 4, നാലെണ്ണത്തിനും അനുമതിയുണ്ട്. |
| (സി) | പ്രസ്തുത തസ്തികകളിൽ നിലവിൽ ഉള്ള അധ്യാപകർ പി.എസ്.സി വഴി നിയമനം ലഭിച്ചവരാണോയെന്ന് വ്യക്തമാക്കാമോ; | (സി) | 3 പേർ പി.എസ്.സി വഴി നിയമനം ലഭിച്ചവരാണ്. |
| (ഡി) | തിരുവനന്തപുരം വെള്ളനാട് ഹയർ സെക്കന്ററി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിക്കുന്ന അധ്യാപിക എത്ര നാളായി പ്രസ്തുത സ്കൂളിൽ സേവനം നടത്തുന്നു; അധ്യാപിക ദിവസവേതനാടിസ്ഥാനത്തിലാണോ സേവനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | 2014-വരെയുള്ള കാലയളവിൽ, ദിവസവേതനാടിസ്ഥാനത്തിൽ 2000 നവംബർ മാസം 14-ാം തീയതി മുതൽ 14 വർഷത്തോളം ഷൈല.എസ് എന്ന അധ്യാപിക വെള്ളനാട് ഹയർ സെക്കന്ററി സ്കൂളിൽ റഷ്യൻ ഭാഷ പഠിപ്പിച്ചിരുന്നു. ബൈ ട്രാൻസ്ഫർ നിയമനം മുഖേന പ്രസ്തുത തസ്തികയിലേയ്ക്ക് ശ്രീ. സജീവ്. റ്റി എന്ന അധ്യാപകൻ 08.10.2014-ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ഇ) | റഷ്യൻ ഭാഷാധ്യാപകരുടെ തസ്തികകളിലേയ്ക്ക് അവസാനമായി പി.എസ്.സി വിജ്ഞാപനം നടത്തിയിട്ടുള്ളത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ഇ) | 2004 വരെയുള്ള കാലയളവിൽ HSST Russion (Senior) തസ്തിക Category No. 136/2001 പ്രകാരം 18.12.2001-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. HSST Russion (Junior) തസ്തിക Category 173/2001 പ്രകാരം 18.12.2001-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ട് വിജ്ഞാപനങ്ങളുടെയും അവസാന തീയതി യഥാക്രമം 10.04.2002, 13.02.2002 ആയിരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | വെള്ളനാട് ഹയർ സെക്കന്ററി സ്കൂളിൽ വർഷങ്ങളായി സേവനം നടത്തുന്ന അധ്യാപികയ്ക്ക് പി.എസ്.സി വഴിയുള്ള നിയമനത്തിനായി അപേക്ഷിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത അധ്യാപികയ്ക്ക് സ്ഥിര നിയമനം നൽകാനുള്ള തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ; | (എഫ്) | ദിവസവേതനാടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന പ്രസ്തുത അധ്യാപികയ്ക്ക് സ്ഥിരനിയമനം നൽകാൻ കഴിയില്ല. |
| (ജി) | അല്ലെങ്കിൽ പി.എസ്.സി വഴി പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ജി) | വെള്ളനാട് ഹയർ സെക്കന്ററി സ്കൂളിലെ റഷ്യൻ ഭാഷാധ്യാപക തസ്തികയുടെ ഒഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. കാരണം ടി ഒഴിവ് ബൈട്രാൻസ്ഫറിന് മാറ്റിയിട്ടുള്ള ഒഴിവായിരുന്നു. എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി.എസ്.എ-യിൽ നിന്ന് ബൈട്രാൻസ്ഫർ നിയമനം വഴി ശ്രീ. സജീവ് റ്റി 08.10.2014-ൽ ഗവ.എച്ച്.എസ്.എസ് വെള്ളനാട് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (എച്ച്) | പ്രസ്തുത തസ്തികയ്ക്ക് അപേക്ഷിക്കാൻ പി.എസ്.സി നിർദ്ദേശിച്ചിരിക്കുന്ന വയസ്സ് കഴിഞ്ഞവർക്ക് പരിഗണന നൽകുമോ? | (എച്ച്) | പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**